**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ നടപടി**
വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ് - ജീവനക്കാര്യം - അഡീഷണൽ ജില്ലാ ഓഫീസർ/ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് / സ്ക്രൂട്ടിനി ഓഫീസർ തസ്തികയിൽ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 25/02/2016 ലെ 454 ാം നമ്പർ പ്രകാരമുള്ള അസാധാരണ കേരള ഗസറ്റ്.
2) 31/10/2016 ലെ ഇതേ നമ്പർ ഉത്തരവ്.
3) 20/01/2016 ലെ ജിഒ(പി) 7/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ.ബി (6) 2001/2015/ഡി.ഇ.എസ് തീയതി; 9/12/2016**

ഈ വകുപ്പിൽ അഡീഷണൽ ജില്ലാ ഓഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് / സ്ക്രൂട്ടിനി ഓഫീസർ തസ്തികയിൽ താഴെപ്പറയുന്ന സ്ഥലംമാറ്റങ്ങൾ ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേരും നിലവിലെ ആഫീസും | മാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1 | ശ്രീമതി.ബേബി.സി.എസ്,<br>സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ,<br>കാർഷിക വികസന കർഷകക്ഷേമവകുപ്പ്<br>ഡയറക്ടറുടെ കാര്യാലയം,<br>തിരുവനന്തപുരം. (അപേക്ഷ പ്രകാരം) | അഡീഷണൽ ജില്ലാ ആഫീസർ (റ്റിആർഎസ്),<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്,<br>ജില്ലാ ഓഫീസ്,<br>കോട്ടയം<br>(ശ്രീമതി.ധനുജാദേവി.എം.എൻ വിരമിച്ച ഒഴിവ്) |
| 2 | ശ്രീ.പ്രസന്നകുമാർ.പി.സി,<br>സ്ക്രൂട്ടിനി ആഫീസർ (എൻ.എസ്.എസ്)<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക്വകുപ്പ്<br>ഡയറക്ടറുടെ കാര്യാലയം,<br>തിരുവനന്തപുരം | അഡീഷണൽ ജില്ലാ ആഫീസർ (റ്റി.ആർഎസ്)<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക്വകുപ്പ്,<br>ജില്ലാ ഓഫീസ്, കൊല്ലം<br>(ശ്രീ.രാജേന്ദ്രൻ പിള്ള.റ്റി യ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ്) |

സ്ഥലംമാറ്റപ്പെട്ടവരിൽ ഒരേ സ്റ്റേഷനിൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കാത്തവർക്ക് അവരുടെ അപേക്ഷ പ്രകാരമുള്ള മാറ്റമാണെങ്കിൽ യാത്രാപ്പടിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നിയമാനുസൃതമായ പ്രവേശന കാലത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

പരാമർശം (1) പ്രകാരം അഡീഷണൽ ജില്ലാ ഓഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് / സ്ക്രൂട്ടിനി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് സെലക്ട് ലിസ്റ്റിൽ നിലവിൽ സീനിയറായ രണ്ട് ഉദ്യോഗസ്ഥർക്ക് 36600-900-37500-1000-42500-1100-48000-1200-54000-1350-59400-1500-65400-1650-72000-1800-79200 രൂപ (പുതുക്കിയ ശമ്പള നിരക്ക്) ശമ്പള സ്കെയിലിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.